ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ജനുവരി മുതൽ.

(സി) 20637 ലിറ്റർ ഡീസൽ 30-6-2005 വരെ കൊടുത്തിട്ടുണ്ട്.

(ഡി) ഇതിന്റെ വില 5,94,345 രൂപ (അഞ്ചു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ്റി നാല്പത്തി അഞ്ച് രൂപ) വരും. ഇതുവരെ തുക യൊന്നും ലഭിച്ചില്ല.

(ഇ) ഇതുവരെ തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല. ഇത് ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

റാന്നിയിൽ ഒരു ജോയിന്റ് ആർ.ടി.ഒ. ആഫീസ് അനുവദിക്കാൻ നടപടി

95 [2964] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് ആർ.ടി.ഒ. ആഫീസ് ഇല്ലാത്ത കേരളത്തിലെ ഏക താലൂക്ക് ആസ്ഥാനം റാന്നിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല ഉൾപ്പെടുന്ന ഇവിടെ ആർ.ടി.ഒ. ആഫീസ് ഇല്ലാത്തതിനാൽ നാട്ടുകാർക്കും തീർത്ഥാടകർക്കും നേരിടേണ്ടിവരുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാന്നിയിൽ ഒരു ജോയിന്റ് ആർ.ടി.ഒ. ആഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നിയുൾപ്പെടെ പല താലൂക്കാസ്ഥാനങ്ങളിലും ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ ജോയിന്റ് ആർ.ടി.ഒ. ആഫീസുകൾ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ

96 [2965] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly